I/171094/2024

**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**<u>തിരുവനന്തപുരം</u>**

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം:- എറണാകുളം ജില്ല- കരുമാലൂർ കുടുംബാരോഗ്യ കേന്ദ്രം- ഡോ.ജാനു.ജി, അസിസ്റ്റന്റ് സർജൻ -സ്ഥലം മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.കത്ത് നം. എ1-7876/2023 തീയതി. 04.03.2024 ജില്ലാ മെഡിക്കൽ ഓഫീസർ എറണാകുളം

2. കത്ത് നം. എ6-925/2024 തീയതി. 06.03.2024 ജില്ലാ മെഡിക്കൽ ഓഫീസർ എറണാകുളം

**<u>ഉത്തരവ് നം ഇ എ2: 2/2024/ആവഡ തിയതി :06-03-2024</u>**

എറണാകുളം ജില്ലയിലെ കരുമാലൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കലോഫീസർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ഡോ.ജാനു.ജി ക്കെതിരെ ഒരു വിഭാഗം ജീവനക്കാർ നൽകിയ പരാതിയിൻമേൽ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ അന്വേഷണം നടത്തി പരാമർശ പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിൽ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ ഭാഗത്തു നിന്നും പല അവസരങ്ങളിലും കടുത്ത സൂപ്പർവൈസറി ലാപ്സ് ഉണ്ടായിരിക്കുന്നതായും, പ്രസ്തുത സ്ഥാപനത്തിൽ The Sexual Harassment of Women at Work Place (Prevention, Prohibition and Reddressal) Act, 2013 പ്രകാരമുള്ള Internal Committee രൂപീകരിച്ചിട്ടില്ല എന്ന് മൊഴി നല്കിയിട്ടുള്ളതായും വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഡോ.ജാനുവിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുണ്ട് എന്നും ടിയാളെ പ്രസ്തുത സ്ഥാപനത്തിൽ തുടരുവാൻ അനുവദിക്കുന്നത് അഭികാമ്യമല്ലായെന്നും വിലയിരുത്തുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടിക്ക് വിധേയമായും, ഭരണപരമായ സൗകര്യാർത്ഥവും ചുവടെ ചേർക്കും പ്രകാരം ടിയാളെ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| നം. | പേര്, നിലവിലെ തസ്തിക, സ്ഥാപനം | മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ഡോ.ജാനു.ജി,<br>അസിസ്റ്റന്റ് സർജൻ<br>കുടുംബാരോഗ്യകേന്ദ്രം, കരുമാലൂർ,<br>എറണാകുളം | റസിഡന്റ് മെഡിക്കൽ ഓഫീസർ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മട്ടാഞ്ചേരി, എറണാകുളം |

ആരോഗ്യവകുപ്പ് ഡയറക്ടറുട ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി

I/171094/2024

ഉപയോഗിക്കേണ്ടതാണ്.

Signed by
Dr Reena K J
Date: 06-03-2024 17:51:15

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ.ജാനു.ജി, അസിസ്റ്റന്റ് സർജൻകുടുംബാരോഗ്യകേന്ദ്രം, കരുമാല്ലൂർ,എറണാകുളം

പകർപ്പ് : 1.അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം),എറണാകുളം

3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ

4. ഫയൽ/ കരുതൽ ഫയൽ